**കേരള സർക്കാർ**

സംഗ്രഹം

ജസ്റ്റിസ് എം.ആർ. ഹരിഹരൻ നായർ കമ്മീഷന്റെ സെക്രട്ടറിയുടെ പേരിൽ തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ ഒരു പലിശ രഹിത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

***ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്***

സ.ഉ. (സാധാ) നം. **2231/2018/ധന.** തിരുവനന്തപുരം, തീയതി **20.03.2018**

---

പരാമർശം - 1. ജസ്റ്റിസ് എം.ആർ. ഹരിഹരൻ നായർ കമ്മീഷന്റെ സെക്രട്ടറിയുടെ 03.01.2018 ലെ 1830/2015/നാ.ക നമ്പരായുള്ള കത്ത്.

2. സ.ഉ(സാധാ)നം.2324/2015/ധന തിയതി 19.03.2015

**ഉത്തരവ്**

നാടാർ സമുദായത്തിന്റെ പിന്നോക്കാവസ്ഥ പഠിക്കുന്നതിനായി നിയമിച്ച ഓഫീസിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കുള്ള തുക, പരാമർശം 2 ലെ സർക്കാർ ഉത്തരവു പ്രകാരം ആരംഭിച്ച അക്കൗണ്ടിൽ നിന്നും പിൻവലിക്കുന്നതിനായി ജില്ലാ ട്രഷറിയെ സമീപിച്ചപ്പോൾ അക്കൗണ്ട് മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ സെക്രട്ടറിയുടെ പേരിൽ ആണെന്നും അതിനാൽ ജസ്റ്റിസ് എം.ആർ.ഹരിഹരൻ നായരുടെ സെക്രട്ടറിക്ക് തുക പിൻവലിക്കാൻ കഴിയുകയില്ലെന്നും അറിയിച്ചുവെന്നും അതിനാൽ ജസ്റ്റിസ് എം.ആർ.ഹരിഹരൻ നായരുടെ സെക്രട്ടറിയുടെ പേരിൽ തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ പുതിയതായി ഒരു എസ്.റ്റി.എസ്.ബി അക്കൗണ്ട് തുടങ്ങുന്നതിനും കമ്മീഷന്റെ ആവശ്യത്തിലേക്കായി മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ സെക്രട്ടറിയുടെ പേരിൽ തുടങ്ങിയ STSB 110-ാം നമ്പർ അക്കൗണ്ടിൽ ബാക്കിയുള്ള തുകയും, പുതിയ STSB അക്കൗണ്ടിലേക്ക് മാറ്റി നൽകുന്നതിനും നടപടി സ്വീകരിക്കണമെന്ന് ജസ്റ്റിസ് എം.ആർ. ഹരിഹരൻ നായർ കമ്മീഷന്റെ സെക്രട്ടറി പരാമർശത്തിലെ കത്തിലൂടെ അഭ്യർത്ഥിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മേൽ സൂചിപ്പിച്ച ആവശ്യത്തിനായി, ജസ്റ്റിസ് എം.ആർ. ഹരിഹരൻ നായർ കമ്മീഷന്റെ സെക്രട്ടറിയുടെ പേരിൽ തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ ഒരു പലിശ രഹിത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിനും കമ്മീഷന്റെ ആവശ്യത്തിലേക്കായി മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ സെക്രട്ടറിയുടെ പേരിൽ തുടങ്ങിയ STSB 110-ാം നമ്പർ അക്കൗണ്ടിൽ ബാക്കിയുള്ള തുകയും, പുതിയതായി ആരംഭിക്കുന്ന STSB അക്കൗണ്ടിലേക്ക് മാറ്റി നൽകുന്നതിനും അനുമതി നല്കി ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**സുരേഷ് കുമാർ ഒ.ബി.**

അണ്ടർ സെക്രട്ടറി (ധനകാര്യം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ ജി & എസ്.എസ്. എ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്. എ) കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.
ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്, വെള്ളയമ്പലം, തിരുവനന്തപുരം. - 695 003
BCDD (B) വകുപ്പ് ( e file No: BCDD.B2/2/2018-BCDD പ്രകാരം)
ധനകാര്യ (WW) വകുപ്പ്
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ